©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2021 ആഗസ്റ്റ് 26<br>26th August 2021<br>1197 ചിങ്ങം 10<br>10th Chingam 1197<br>1943 ഭാദ്രം 4<br>4th Bhadra 1943 | നമ്പർ<br>No. | 2502 |

GOVERNMENT OF KERALA

**Law (Legislation-I) Department**

NOTIFICATION

No. 25891/Leg.I1/2019/Law.

*Dated, Thiruvananthapuram 24th August, 2021 / 8th Chingam,1197 / 2nd Bhadra, 1943.*

The following Ordinance promulgated by the Governor of Kerala on the 23rd day of August, 2021 is hereby published for general information.

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ORDINANCE No. 110 OF 2021

## THE KERALA MARINE FISHING REGULATION (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Marine Fishing Regulation Act, 1980.*

*Preamble*.—WHEREAS, the Kerala Marine Fishing Regulation (Amendment) Ordinance, 2020 (71 of 2020) was promulgated by the Governor of Kerala on the 4th day of October, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in and passed by the Legislative Assembly of the State of Kerala during its session which commenced on the 31st day of December, 2020 and ended on the same day (special session) and in the session which commenced on the 8th day of January, 2021 and ended on the 22nd day of January, 2021;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Marine Fishing Regulation (Amendment) Ordinance, 2021 (25 of 2021) was promulgated by the Governor of Kerala on the 9th day of February, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in and passed by the Legislative Assembly of the State of Kerala during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Marine Fishing Regulation (Amendment) Ordinance, 2021 (81 of 2021) was promulgated by the Governor of Kerala on the 1st day of July, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in and passed by the Legislative Assembly of the State of Kerala, during its session which commenced on the 22nd day of July, 2021 and ended on the 13th day of August, 2021;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

And Whereas, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 2nd day of September, 2021;

And Whereas, difficulties will arise if the provisions of the said Ordinance are not kept alive;

And Whereas, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

Now, Therefore, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(l) This Ordinance may be called the Kerala Marine Fishing Regulation (Amendment) Ordinance, 2021.

(2) It shall be deemed to have come into force on the 5th day of October, 2020.

2. *Act 10 of 1981 to be temporarily amended.*—During the period of operation of this Ordinance, the Kerala Marine Fishing Regulation Act, 1980 (10 of 1981) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 to 5.

3. *Amendment of preamble.*—In the preamble of the principal Act, after the words "fishing vessels in the sea", the words "as well as the fishermen in the fishing vessels" shall be inserted.

4. *Insertion of new sections.*—In the principal Act, section "5" shall be renumbered as section "4A" and after section 4A so renumbered, the following sections shall be inserted, namely:—

"5. *Power to restrict and regulate fishermen in fishing vessels.*—No owner of a fishing vessel shall allow any person in his fishing vessel unless he is a fisherman as defined in the Kerala Fishermen Welfare Societies Act, 1980 (7 of 1981) and having Biometric Identity Card issued by the Fisheries Department:

Provided that nothing contained in this section shall prevent the owner of a fishing vessel from employing labourers in the fishing vessels possessing Aadhaar Card and Identity Card issued under the Kerala Migrant Workers' Welfare Scheme, 2010:

Provided further that nothing contained in this section shall prevent the owner of a fishing vessel from employing licensed crew possessing Aadhaar Card for the operation of the fishing vessel in the sea.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5A. *Prohibition of use of fishing vessel for the purposes other than fishing.*—No owner of a fishing vessel shall use or cause or allow to be used, the fishing vessel for any purpose other than fishing without the prior permission of the Authorised Officer.”.

5. *Amendment of section 17*.—In section 17 of the principal Act,—

(i) for sub-section (1) and clauses (a) and (b) thereof, following shall be substituted, namely:—

“(1) Where the adjudicating officer, after inquiry under section 16 finds that,—

(a) any owner/master of a fishing vessel has contravened the provisions of sections 4A, 7 or 9, he shall be liable to the following penalty, namely:—

(i) if the horse power of fishing vessel so used is up to ten HP, five thousand rupees;

(ii) if the horse power of fishing vessel so used is above ten HP and up to twenty-five HP, ten thousand rupees;

(iii) if the horse power of fishing vessel so used is above twenty-five HP and up to fifty HP, twenty-five thousand rupees;

(iv) if the horse power of fishing vessel so used is above fifty HP and up to ninety HP, fifty thousand rupees;

(v) if the horse power of fishing vessel so used is above ninety HP and up to one hundred and twenty HP, ninety thousand rupees;

(vi) if the horse power of fishing vessel so used is above one hundred and twenty HP and up to one hundred and fifty HP, one lakh and twenty thousand rupees;

(vii) if the horse power of fishing vessel so used is above one hundred and fifty HP and up to two hundred HP, one lakh and fifty thousand rupees;

(viii) if the horse power of fishing vessel so used is above two hundred HP and up to two hundred and eighty HP, two lakh rupees; and

(ix) if the horse power of fishing vessel so used is above two hundred and eighty HP, two lakh and fifty thousand rupees.

(b) any person has used or caused or allowed to be used any non-motorized fishing vessel in contravention of the provisions of sections 4A, 5A or 9 or any rule made or order issued thereunder, shall be liable to penalty of an amount of five thousand rupees;”;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) clause (c) shall be omitted and the remaining clauses shall be relettered accordingly;

(iii) in clause (c), so relettered, the words "any person has used or caused or allowed to be used" shall be inserted at the beginning and after "(c)";

(iv) in clause (d), so relettered, the words "any person has used or caused or allowed to be used" shall be inserted at the beginning and after "(d)";

(v) after sub-section (4), the following sub-sections shall be inserted, namely:—

"(4a) Whoever contravenes any of the provisions of section 5, shall be liable to penalty which may extend to one thousand rupees:

Provided that in the case of second offence, penalty may extend to two thousand rupees and for subsequent offences to five thousand rupees.

(4b) Whoever contravenes any of the provisions of section 5A shall be liable to penalty as mentioned in clause (a) and (b) of sub-section (1) of section 17:

Provided that for second or subsequent offence, the registration and licence of the vessel shall be cancelled and the fishing vessel shall be forfeited.

(4c) Whoever contravenes any of the provisions of this Act or any rule made thereunder shall, if no penalty is provided for the offence, shall be punishable with fine which may extend to five thousand rupees.".

6. *Repeal and saving.*—(1) The Kerala Marine Fishing Regulation (Amendment) Ordinance, 2021 (81 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Ordinance.

ARIF MOHAMMED KHAN,
*GOVERNOR.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

## നിയമ (നിയമനിർമ്മാണം-ഐ) വകുപ്പ്

## വിജ്ഞാപനം

നമ്പർ 25891/ലെഗ്.ഐ1/2019/നിയമം.

*തിരുവനന്തപുരം, 2021 ആഗസ്റ്റ് 24*
*1197 ചിങ്ങം 8*
*1943 ഭാദ്രം 2.*

2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 110-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2020-ലെ 71) 2020 ഒക്ടോബർ 4-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം തന്നെ അവസാനിച്ച സമ്മേളനത്തിലും (പ്രത്യേക സമ്മേളനം), 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള നിയമസഭയുടെ സമ്മേളനക്കാലത്തും പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 25), 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനക്കാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 81), 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനക്കാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിന് ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം 2021 സെപ്റ്റംബർ 2-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 ഒക്ടോബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>1981-ലെ 10-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്</u>.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ആക്റ്റിന് (1981-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3 മുതൽ 5 വരെയുള്ള വകുപ്പുകളിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്കു വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ പീഠികയിൽ, “മത്സ്യബന്ധനം നടത്തുന്നതിനും” എന്ന വാക്കുകൾക്ക് ശേഷം “അതുപോലെ മത്സ്യബന്ധന നൗകകളിലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിനെ, 4എ വകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 4എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

“5. മത്സ്യബന്ധന നൗകകളിൽ മത്സ്യത്തൊഴിലാളികളെ പരിമിതപ്പെടുത്താനും നിയന്ത്രിക്കാനുമുള്ള അധികാരം.—ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റിൽ (1981-ലെ 7) നിർവചിച്ച പ്രകാരമുള്ള ഒരു മത്സ്യത്തൊഴിലാളിയല്ലാത്തതും മത്സ്യബന്ധനവകുപ്പ് നൽകിയ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് ഇല്ലാത്തതുമായ യാതൊരാളെയും തന്റെ മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡും ആധാർ കാർഡും കൈവശമുള്ള തൊഴിലാളികളെ മത്സ്യബന്ധന നൗകകളിൽ ജോലി ചെയ്യിക്കുന്നതിൽ നിന്നും മത്സ്യബന്ധന നൗകയുടെ ഉടമയെ തടയുന്നതല്ല:

എന്നുമാത്രമല്ല ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ ആധാർ കാർഡ് കൈവശമുള്ള ലൈസൻസുള്ള ജോലിക്കാരെ, സമുദ്രത്തിൽ മത്സ്യബന്ധന നൗക പ്രവർത്തിപ്പിക്കുന്ന ജോലി ചെയ്യിപ്പിക്കുന്നതിൽ നിന്ന് ഒരു മത്സ്യബന്ധന നൗകയുടെ ഉടമയെ തടയുന്നതല്ല.

5എ. മത്സ്യബന്ധനം അല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് മത്സ്യബന്ധന നൗക ഉപയോഗിക്കുന്നതിനുള്ള നിരോധനം.—ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയില്ലാതെ, മത്സ്യബന്ധന നൗക മത്സ്യബന്ധനമല്ലാതെയുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.”.

5. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) (1)-ാം ഉപവകുപ്പിനും അതിന്റെ (എ)-യും (ബി)-യും ഖണ്ഡങ്ങൾക്കും പകരം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

(1) അഡ്ജുഡിക്കേറ്റിംഗ് ആഫീസർ, 16-ാം വകുപ്പുപ്രകാരമുള്ള അന്വേഷണത്തിനുശേഷം,—

(എ) ഒരു മത്സ്യബന്ധന നൗകയുടെ ഉടമസ്ഥൻ/മാസ്റ്റർ 4എ, 7 അല്ലെങ്കിൽ 9 വകുപ്പുകളിലെ വ്യവസ്ഥകൾ ലംഘിച്ചെന്നു കണ്ടെത്തുന്നപക്ഷം, അയാൾ താഴെപ്പറയുന്ന പിഴശിക്ഷക്കു ബാധ്യസ്ഥനായിരിക്കുന്നതാണ്, അതായത്:—

(i) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി പത്ത് എച്ച്പി വരെ ആണെങ്കിൽ അയ്യായിരം രൂപ;

(ii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി പത്ത് എച്ച്പിക്ക് മുകളിലും ഇരുപത്തിയഞ്ച് എച്ച്പി വരെയും ആണെങ്കിൽ പതിനായിരം രൂപ;

(iii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുപത്തിയഞ്ച് എച്ച്പിക്ക് മുകളിലും അമ്പത് എച്ച്പി വരെയും ആണെങ്കിൽ ഇരുപത്തയ്യായിരം രൂപ;

(iv) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി അമ്പത് എച്ച്പിക്ക് മുകളിലും തൊണ്ണൂറ് എച്ച്പി വരെയും ആണെങ്കിൽ, അമ്പതിനായിരം രൂപ;

(v) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി തൊണ്ണൂറ് എച്ച്പിക്ക് മുകളിലും നൂറ്റി ഇരുപത് എച്ച്പി വരെയും ആണെങ്കിൽ, തൊണ്ണൂറായിരം രൂപ;

(vi) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി നൂറ്റി ഇരുപത് എച്ച്പിക്ക് മുകളിലും നൂറ്റി അമ്പത് എച്ച്പി വരെയും ആണെങ്കിൽ, ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ;

(vii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി നൂറ്റി അമ്പത് എച്ച്പിക്ക് മുകളിലും ഇരുനൂറ് എച്ച്പി വരെയും ആണെങ്കിൽ, ഒരു ലക്ഷത്തി അമ്പതിനായിരം രൂപ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(viii) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുനൂറ് എച്ച്.പി.യ്ക്ക് മുകളിലും ഇരുനൂറ്റി എൺപത് എച്ച്.പി. വരെയും ആണെങ്കിൽ, രണ്ട് ലക്ഷം രൂപ; കൂടാതെ

(ix) അപ്രകാരം ഉപയോഗിച്ച മത്സ്യബന്ധന നൗകയുടെ കുതിരശക്തി ഇരുനൂറ്റി എൺപത് എച്ച്.പി.യ്ക്ക് മുകളിലാണെങ്കിൽ, രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ.

(ബി) ഏതൊരാളും 4എ, 5എ, 9 എന്നീ വകുപ്പുകളുടെയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ, പുറപ്പെടുവിച്ച ഉത്തരവിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി, മോട്ടോർ ഘടിപ്പിക്കാത്ത മത്സ്യബന്ധന നൗക ഉപയോഗിക്കുകയോ ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യുകയാണെങ്കിൽ അയ്യായിരം രൂപ വരെയുള്ള പിഴശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്.

(ii) (സി) ഖണ്ഡം ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഖണ്ഡങ്ങൾ അതിനനുസരിച്ച് പുനരക്ഷരം ചെയ്യേണ്ടതുമാണ്;

(iii) അപ്രകാരം പുനരക്ഷരം ചെയ്ത (സി) ഖണ്ഡത്തിൽ "ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ആണെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും ബോട്ട് നിർമ്മാണ യാർഡ് ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്താൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) അപ്രകാരം പുനരക്ഷരം ചെയ്ത (ഡി) ഖണ്ഡത്തിൽ "ഏതെങ്കിലും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റ് ആണെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും മത്സ്യബന്ധന വലനിർമ്മാണ യൂണിറ്റ് ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്താൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (4)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(4എ) 5-ാം വകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ആയിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ രണ്ടാമത്തെ കുറ്റത്തിന്റെ കാര്യത്തിൽ രണ്ടായിരം രൂപ വരെയും തുടർന്നുള്ള കുറ്റങ്ങൾക്ക് അയ്യായിരം രൂപ വരെയും പിഴ വർദ്ധിപ്പിക്കാവുന്നതാണ്.

(4ബി) 5എ വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും 17-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ)-യും (ബി)-യും ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള പിഴയ്ക്ക് ബാധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ രണ്ടാമത്തെ അല്ലെങ്കിൽ തുടർന്നുള്ള കുറ്റത്തിന്, നൗകയുടെ രജിസ്ട്രേഷനും ലൈസൻസും റദ്ദാക്കേണ്ടതും മത്സ്യബന്ധന നൗക കണ്ടുകെട്ടേണ്ടതുമാണ്.

(4സി) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, ആ കുറ്റത്തിന് യാതൊരു പിഴയും വ്യവസ്ഥ ചെയ്തിട്ടില്ലായെങ്കിൽ, അയ്യായിരം രൂപ വരെയാകാവുന്ന പിഴക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്.”.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 81) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

(ശരി തർജ്ജമ)

എസ്. സന്ധ്യ,
*അഡീഷണൽ നിയമ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.08.26 03:03:38 +05:30